


# പൊന്നു വിളയുന്ന തെങ്ങ് ഫിലിപ്പീൻസ് പാഠം

## തെങ്ങൊന്നിന് പ്രതിവർഷം പതിനേഴായിരം രൂപ ആദായമുണ്ടാക്കുന്നതിന്റെ ഫിലിപ്പീൻസിലെ അനുഭവപാഠങ്ങൾ

തെങ്ങൊന്നിൽ നിന്നും പ്രതിവർഷം പതിനേഴായിരം രൂപ ആദായം ലഭിക്കുന്നുവെന്നു പറഞ്ഞാൽ വിശ്വസിക്കാനാകുമോ? കൊപ്രയുണ്ടാക്കിയാൽ വെറും 500 രൂപ കിട്ടുന്ന സ്ഥാനത്താണിതെന്നും ഓർക്കണം. പക്ഷേ, സംഗതി സത്യമാണ്. ഫിലിപ്പീൻസുകാരനായ ജെറി ടറേയും ഭാര്യ ജോസ്‌ലിനും ചേർന്ന് ഒരു തെങ്ങിൽനിന്നും വർഷത്തിൽ 12,000 പെസോ ആദായമുണ്ടാക്കുന്നുണ്ട്. അതായത്, നമ്മുടെ നാട്ടിലെ ഏകദേശം പതിനേഴായിരം രൂപ!

ജൈവരീതിയിൽ നിർമിക്കുന്ന നീര പഞ്ചസാരയിൽനിന്നും കൊക്കോ സിറപ്പിൽനിന്നുമാണ് ഇവർ ഇത്രയും ആദായമുണ്ടാക്കുന്നതെന്നു കേൾക്കുമ്പോൾ അത്ഭുതം തോന്നാം. പക്ഷേ, ഇവയ്ക്കു വിദേശരാജ്യങ്ങളിൽ വൻ ഡിമാന്റാണെന്നു ഈ ദമ്പതികൾ ഉറപ്പിച്ചു പറയുന്നു. ജൈവസർട്ടിഫിക്കറ്റ് നേടിയ ഉൽപന്നങ്ങൾ മാത്രമേ വിദേശരാജ്യങ്ങളിലേക്ക് എത്തിച്ചാൽ ഡിമാന്റ് കൂടുകയുള്ളൂ. ഇതിന്റെ സാധ്യത മനസിലാക്കിയതുകൊണ്ടാണ് ഏഴു ലക്ഷത്തോളം രൂപ മുടക്കി ഇവർ ജൈവസർട്ടിഫിക്കറ്റ് നേടിയത്. ഇവർ നിർമിക്കുന്ന ഉൽപന്നങ്ങളെല്ലാം ഇപ്പോൾ യൂറോപ്പുൾപ്പെടെയുള്ള വികസിതരാജ്യങ്ങളിലേക്കാണ് പ്രധാനമായും കയറ്റുമതി ചെയ്യപ്പെടുന്നത്.



ഏകദേശം 60 ഹെക്ടർ സ്ഥലത്ത് ചെറിയ ഇനം തെങ്ങുകളാണ് നട്ടിരിക്കുന്നത്. കായ്ഫലമുള്ള തെങ്ങിൽനിന്നു വർഷത്തിൽ 96 തേങ്ങ വരെ ലഭിക്കും. ഇത് ഉണക്കിയാൽ ലഭിക്കുന്ന 21 കിലോയോളം കൊപ്രയിൽനിന്നു കിട്ടുന്ന പരമാവധി ആദായം 500 രൂപയാണ്. ഈ നഷ്ടം മനസിലാക്കിയ ജെറി സുഹൃത്തു വഴി നീര പഞ്ചസാരയുടെ നിർമാണം പഠിച്ചു. ഭാര്യയും ഒപ്പം കൂടിയതോടെ ഇതിലേക്കു പൂർണമായും തിരിഞ്ഞു.

തെങ്ങിൻ പൂക്കുലയിൽനിന്നാണ് ഇതിനാവശ്യമായ നീര എടുക്കുന്നത്. കായ്ഫലമുള്ള തെങ്ങിൽനിന്നു പ്രതിവർഷം 480 ലിറ്റർ വരെ നീര ലഭിക്കും. എട്ടു ലിറ്റർ നീര കുറുക്കിയാണ് ഒരു കിലോ തെങ്ങിൻ നീര പഞ്ചസാര തയാറാക്കുന്നത്. ഇന്നത്തെ മാർക്കറ്റ് വിലയനുസരിച്ച് കിലോയ്ക്ക് 280 രൂപ വരെ ലഭിക്കും. അതായത്, പ്രതിവർഷം ഒരു തെങ്ങിൽനിന്നു 60 കിലോ പഞ്ചസാര ലഭിച്ചാൽപ്പോലും 17,000 രൂപ ആദായമുണ്ടാക്കാം.

ഇപ്പോൾ ഹോളണ്ടിൽനിന്നും യുകെയിൽനിന്നും ഓസ്ട്രേലിയ, ന്യൂസിലന്റ് എന്നിവിടങ്ങളിൽ നിന്നും പ്രതിമാസം ടൺകണക്കിനു നീര പഞ്ചസാരയ്ക്കാണ് ഓർഡർ ലഭിക്കുന്നത്. പൂർണമായും ജൈവ രീതിയിൽ നിർവഹിക്കുന്നതിനാൽ ഡിമാന്റ് കൂടുതലാണ്. ഒപ്പം നല്ല വിലയും ലഭിക്കും. അതിശൈത്യം മൂലം കാനഡയിലെ ജോലി ഉപേക്ഷിച്ച് തിരികെ ഫിലിപ്പീൻസിലെത്തി കൃഷിയിലേക്കു തിരിഞ്ഞതു വിജയമായതിന്റെ സന്തോഷത്തിലാണ് ഈ ദമ്പതികൾ.